# ഭരണഭാഷ - മാതൃഭാഷ


**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307


**<u>നടപടിക്രമം</u>**

വിദ്യാഭ്യാസം-സാങ്കേതികം-ക്യൂ.ഐ.പി ഡെപ്യൂട്ടേഷൻ(2021-2022)എം.ടെക് അഡ്മിഷൻ പൂർത്തീകരിച്ച സർക്കാർ പോളിടെക്നിക് കോളേജിലെ മെക്കാനിക്കൽ എഞ്ചിനീയറിങ് വിഭാഗം ലക്ചററർമാർക്ക്-പുനർ നിയമനം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (സി) വിഭാഗം

നം: EC2/22594/23/ഡി.ടി.ഇ    തിരുവനന്തപുരം , തീയതി: 11.07.2023

---

വായന:- 1.25.08.2021 ലെ സർക്കാർ ഉത്തരവ് നമ്പർ G.O (Rt) No. 1106/2021/H.Edn.
2.26.08.021 തിയതിയിലെ ഈ ഓഫീസിലെ നടപടിക്രമം നം.L2/532/21/DTE.
3.ക്യൂ.ഐ.പി ഡെപ്യൂട്ടേഷൻ പ്രകാരം ഉപരിപഠനം നടത്തുന്ന വിവിധ സർക്കാർ പോളിടെക്നിക് കോളേജിലെ മെക്കാനിക്കൽ എഞ്ചിനീയറിങ് വിഭാഗം ലക്ചററർമാരുടെ അപേക്ഷകൾ.

**<u>ഉത്തരവ്</u>**

വായന(1),(2)ലെ ഉത്തരവുകൾ പ്രകാരം, വിവിധ സർക്കാർ പോളിടെക്നിക് കോളേജുകളിലെ **മെക്കാനിക്കൽ എഞ്ചിനീയറിങ് വിഭാഗം** ലക്ചറർ തസ്തികയിലെജീവനക്കാർക്ക്,ക്യൂ.ഐ.പി ഡെപ്യൂട്ടേഷൻ പ്രകാരം എഞ്ചിനീയറിംഗ് കോളേജുകളിൽ എം.ടെക് കോഴ്സ് (2021-2022 അഡ്മിഷൻ) ഉപരിപഠനത്തിനായി അനുമതി നൽകുകയുണ്ടായി.ഡെപ്യൂട്ടേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി ജീവനക്കാർ പുനർനിയമനത്തിനായി വായന(3) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ,ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാരെ അവരവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനത്തിൽ പുനർ നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക, സ്ഥാപനം, ക്യൂ.ഐ.പി സെൻറർ | പുനർ നിയമനം നൽകുന്ന സ്ഥാപനം |
|---|---|---|
| 1. | **ശ്രീ.ഷഫീക്ക്.റ്റി.പി**<br>(PEN:398165 )<br>ലക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ്, കേരള ഗവ പോളിടെക്നിക് കോളേജ്, വെസ്റ്റ് ഹിൽ, കോഴിക്കോട്<br>(QIP centre: NIT, **കോഴിക്കോട്** ) | **സർക്കാർ പോളിടെക്നിക് കോളേജ്, മാനന്തവാടി**<br>(തുറന്ന ഒഴിവിൽ) |
| 2. | **ശ്രീ.സന്ദീപ് .ആർ**<br>(PEN:868270)<br>ലക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് സർക്കാർ പോളിടെക്നിക് കോളേജ്, മുട്ടം<br>(QIP centre: NIT, **കോഴിക്കോട്** ) | **സർക്കാർ പോളിടെക്നിക് കോളേജ്, മുട്ടം** .<br>(തുറന്ന ഒഴിവിൽ) |

- ക്യൂ.ഐ.പി ഡെപ്യൂട്ടേഷനായി മാതൃ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്തു രണ്ട് വർഷകാലയളവ് പൂർത്തീകരിക്കുന്ന മുറയ്ക്കോ, കോഴ്സ് പൂർത്തീകരിക്കുന്ന മുറയ്ക്കോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതിൻപ്രകാരം മേൽ ജീവനക്കാർ ജോലിയിൽ പുന: പ്രവേശിക്കേണ്ടതാണ്.

- രണ്ട് വർഷത്തെ ഡെപ്യൂട്ടേഷൻ കാലയളവ് പൂർത്തീകരിച്ചതും, എന്നാൽ കോഴ്സ് പൂർത്തീകരിക്കാത്തതുമായ ജീവനക്കാർ, ഡെപ്യൂട്ടേഷൻ കാലയളവായ 2 വർഷം പൂർത്തീകരിക്കുന്ന മുറയ്ക്ക് ക്യൂ.ഐ.പി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്ത്, വിടുതൽ സർട്ടിഫിക്കറ്റ് സഹിതം പുനർ നിയമനം നൽകപ്പെട്ട സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ശേഷം ടി ഉദ്യോഗസ്ഥർ അർഹതപ്പെട്ട അവധിയെടുത്ത് കോഴ്സ് പൂർത്തീകരിക്കേണ്ടതും, കോഴ്സ് പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് ലഭ്യമായാലുടൻ, സ്ഥാപനമേധാവി മുഖേന ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതുമാണ്.

Draft #1 of File EC2/22594/23/DTE Approved by Senior Joint Director (PS) on 11-Jul-2023 01:56 PM - Page 1

- എന്നാൽ മാതൃ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്തു ഡെപ്യൂട്ടേഷൻ കാലയളവായ രണ്ട് വർഷം പൂർത്തിയാകുന്നതിനു മുൻപ് (Late admission) കോഴ്സ് പൂർത്തീകരിക്കുന്ന ജീവനക്കാർ, കോഴ്സ് പൂർത്തീകരിക്കുന്ന മുറയ്ക്ക്, കോഴ്സ് പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് സഹിതം പുനർനിയമനം നൽകപ്പെട്ട സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.
- നിയമനം നല്കിയ സ്ഥാപനങ്ങളിലേക്ക് **2023 പൊതു സ്ഥലം** മാറ്റത്തിനായി സമർപ്പിച്ചിട്ടുള്ള അർഹമായ അപേക്ഷകൾ പരിഗണിക്കപ്പെടുകയാണെങ്കിൽ, ടി ജീവനക്കാരെ പുനർ നിയമനം ലഭിച്ച സ്ഥാപനത്തിൽ നിന്നും സ്ഥലം മാറ്റി നിയമിക്കുന്നതാണ്.

ടി ഉദ്യോഗസ്ഥരെ, പുനർനിയമനം നൽകപ്പെട്ട സ്ഥാപനങ്ങളിലെ സ്ഥാപനമേധാവികൾ,ബന്ധപ്പെട്ട ജീവനക്കാരുടെ ക്യൂ.ഐ.പി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റ്/കോഴ്സ് പൂർത്തീകരിച്ച സാക്ഷ്യപത്രം പരിശോധിച്ച് പുന:പ്രവേശനം അനുവദിക്കേണ്ടതും,ഇവരുടെ ചേരുംകാലം ബന്ധപ്പെട്ട രേഖകൾ സഹിതം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ് /-

ഡോ. രാമചന്ദ്രൻ എം
സീനിയർ ജോയിൻറ് ഡയറക്ടർ

സ്വീകർത്താവ്

1. ബന്ധപ്പെട്ട ജീവനക്കാർ (വെബ് സൈറ്റ് മുഖാന്തിരം).
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ (വെബ് സൈറ്റ് മുഖാന്തിരം).
3. അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരള ബ്രാഞ്ച്, എസ്. എച്ച് മൌണ്ട്, പി.ഓ, നാഗപടം, കോട്ടയം.
4. സൂപ്രണ്ട്, പ്ലാനിംഗ് സെക്ഷൻ.
5. ഓഫീസ് പകർപ്പ്
6. കരുതൽ ഫയൽ.

Approval Valid

Digitally Approved By
ഡോ. രാമചന്ദ്രൻ എം
Date: 11.07.2023
Reason: Approved

Draft #1 of File EC2/22594/23/DTE Approved by Senior Joint Director (PS) on 11-Jul-2023 01:56 PM - Page 2

The document is digitally approved. Hence signature is not needed.